പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2829 13.7.2015 ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

ചോദ്യം
ശ്രീമതി.പി.അയിഷാ പോറ്റി

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) കൊല്ലം ജില്ലയിലെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിന് ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വിശദമാക്കമോ; | എ) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച എല്ലാ അപേക്ഷകളിലും തീർപ്പ് കല്പിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത ഘട്ടങ്ങളിൽ ജില്ലയിൽ ചികിത്സാ സഹായ ഇനത്തിൽ എത്ര തുക അനുവദിച്ചിരുന്നു; പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; | ബി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ചികിത്സാസഹായമായി അനുവദിച്ച 1,51,43,100 രൂപയും രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ അനുവദിച്ച 8,55,43,500 രൂപയും പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. |
| സി) ജില്ലയിൽ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ നടത്തിയ പുതിയ പദ്ധതി പ്രഖ്യാപനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഫണ്ട് ഏത് തരത്തിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്? | സി) +ഡി) ജില്ലയിൽ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കുന്നതിനായി, താഴെപ്പറയുന്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. 1) ശാസ്താംകോട്ട സംരക്ഷണത്തിന് പ്രത്യേക പദ്ധതി, 2) സുനാമി ബാധിത ആലപ്പാടിന് പാക്കേജ്, 3) തെന്മല-അഷ്ടമുടി-തങ്കശ്ശേരി ബീച്ച് ടൂറിസം സർക്യൂട്ട്, 4) കോടതി സമുച്ചയത്തിന് സ്ഥലം ഏറ്റെടുക്കുക, 5) കേന്ദ്രീയ വിദ്യാലയത്തിന് കൊട്ടാരക്കരയിൽ 5 ഏക്കർ, 6) പുളളിക്കട കോളനി റെയിൽവേ തർക്കം പരിഹരിക്കൽ, 7) പാരിപ്പളളി മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ, 8) കശുവണ്ടി ഫാക്ടറി തുറക്കാൻ നടപടി, 9) ~~കയർ~~ മത്സ്യമേഖലയ്ക്ക് പ്രത്യേക പദ്ധതി, 10) ആലപ്പാടിന് 21 കോടി രൂപയുടെ പ്രത്യേക പദ്ധതി. |

സെക്ഷൻ ഓഫീസർ